**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 919** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുനിരത്തുകൾ ജനസൗഹൃദമാക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. കെ. എം. അഷ്‌റഫ്

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. സി. കെ. കാസിം

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പൊതു നിരത്തുകളോട് ചേർന്നുള്ള കാനകളിൽ നിർബന്ധമായും മൂടി വേണമെന്നത് കാൽനടക്കാരുടെ അവകാശമാണെന്ന് കരുതുന്നുണ്ടോ;വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പൊതുനിരത്തുകളോട് ചേർന്നുള്ള കാനകളിൽ നിർബന്ധമായും മൂടി വേണം എന്നത് കാൽനടക്കാരുടെ അവകാശമായി കരുതുന്നു.

നിലവിൽ ഗതാഗത സാന്ദ്രത കൂടുതലുള്ള റോഡുകളിലും city പ്രദേശങ്ങളിലും തിരക്കേറിയ സ്ഥലങ്ങളിലും സ്ഥലപരിമിതി കാരണം footpath ഇല്ലാത്ത സ്ഥലങ്ങളിലും കാനകൾക്കു മൂടി സ്ഥാപിക്കാറുണ്ട്. ഫണ്ട് ലഭ്യതയും സ്ഥല ലഭ്യതയും അനുസരിച്ച് മറ്റു ഭാഗങ്ങളിലും കാനകൾക്കു മൂടി സ്ഥാപിക്കാവുന്നതാണ്.

**(ബി)** മൂടിയില്ലാത്ത കാനകളും പൊട്ടിത്തകർന്ന മൂടികളും അപകടങ്ങൾ വരുത്തിവെയ്ക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

**<u>മറുപടി:</u>** പരിശോധിച്ചിട്ടുണ്ട്.

മൂടി ഇല്ലാത്തതും പൊട്ടിത്തകർന്ന മൂടി ഉള്ളതുമായ കാനകളിൽ അപകട സാധ്യത കണക്കിലെടുത്ത് Running Contract / Pre-Monsoon പ്രവൃത്തികളിലൂടെയും ദേശീയപാതയിൽ അത് കൂടാതെ മോർത് ഉണ്ട് ഉപയോഗിച്ചുള്ള PBMC/STMC പദ്ധതിയിലും അത്തരം അറ്റകുറ്റ പ്രവൃത്തികൾ നടത്തി വരുന്നു. എന്നിരുന്നാലും ചില ഒറ്റപ്പെട്ട അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ പ്രസ്തുത ഭാഗങ്ങളിൽ അറ്റകുറ്റപ്പണി ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

പൊട്ടിത്തകർന്ന മൂടികൾ, മൂടിയില്ലാത്ത കാനകളെ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിഗണിച്ച് ആവശ്യമായ സ്ഥലങ്ങളിൽ റോഡ് പുനർനിർമ്മാണത്തിൽ ഉൾപ്പെടുത്തി കാനകൾക്ക് കവറിംഗ് സ്ലാബ് സ്ഥാപിക്കാറുണ്ട്.

**(സി)** പൊതുനിരത്തുകൾ അപകടരഹിതവും ജനസൗഹൃദവുമായിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**മറുപടി:** നിലവിൽ, കൂടുതൽ കാലം ഈടു നിൽക്കുന്നതും കാലാവസ്ഥ വ്യതിയാനങ്ങളെ അതിജീവിക്കുന്നതുമായ BM & BC റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ ഘട്ടംഘട്ടമായി നിർമ്മിച്ച് വരുന്നു. പൊതുനിരത്തുകൾ അപകടരഹിതമാക്കുന്നതുമായി ബന്ധപ്പെട്ട് റോഡുകളിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ, crash barrier, studs, OHM, അത്യാവശ്യമുള്ള ഇടങ്ങളിൽ കാനകൾക്ക് മൂടി, റോഡ് അടയാളങ്ങൾ എന്നിവ പ്രവൃത്തിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ചു വരുന്നു.

ജനസൗഹൃദമാക്കുന്നതുമായി ബന്ധപ്പെട്ട് മതിയായ സ്ഥലങ്ങളിൽ pedestrain crossings, footpath, bus shelter ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചു പ്രവൃത്തിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

യഥാസമയങ്ങളിൽ റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തുക, റോഡുകളിൽ വെള്ളക്കെട്ട് ഒഴിവാക്കി റോഡുകൾ കൂടുതൽ കാലം ഈടു നിൽക്കുന്നതിനായി ഓടകൾ, കാനകൾ തുടങ്ങിയവയുടെ നീരൊഴുക്ക് സുഗമമാക്കുന്നതിനായി മാലിന്യങ്ങൾ നീക്കം ചെയ്യുക, അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചു മാറ്റുക, വെള്ളക്കെട്ട് ഒഴുവാക്കുക, കുഴികൾ അടയ്ക്കുക തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തി റോഡ് അപകടരഹി തമാക്കുന്നതിനായി Running Contract ൽ ഉൾപ്പെടുത്തി പരിപാലിച്ചു വരുന്നു. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതു വഴി റോഡുകളെ കൂടുതൽ അപകടരഹിതവും ജനസൗഹൃദവും ആയി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റോഡ് ജനസൗഹൃദം ആക്കുന്നതിൻ്റെ ഭാഗമായി Model road construction എന്നത് ലക്ഷ്യമിട്ട് ഫണ്ട് ലഭ്യത അനുസരിച്ചു നടപ്പിലാക്കുന്നുണ്ട്.

പൊതു നിരത്തുകൾ അപകടരഹിതവും ജനസൗഹൃദവുമായിരിക്കാൻ IRC code പ്രകാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**